(എഫ്) ഈ സർക്കാർ വന്നശേഷം സംസ്ഥാനത്ത് ഇതുവരെ നടന്ന വാഹനമോഷണകേസ്സുകളുടെ അന്വേഷണപുരോഗതി ഇപ്പോൾ ഏതു ഘട്ടത്തിലെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വാഹന പരിശോധന നടത്തുന്നതിനും മോട്ടോർ വാഹനങ്ങൾ പാർക്ക്ചെയ്യുന്ന സ്ഥലങ്ങളിൽ പ്രത്യേക നിരീക്ഷണം നടത്തുന്നതിനും പോലീസിനെ നിയോഗിച്ചിട്ടുണ്ട്. വാഹന മോഷണങ്ങൾ തടയുന്നതിനായി ഹൈവേ പട്രോൾ, പാന്തർ പട്രോൾ, ഫ്ളൈയിംഗ്, സ്കാഡ് എന്നിവയുടെ സേവനം ലഭ്യമാക്കിവരുന്നുണ്ട്. ചില കേസ്സുകളിൽ അന്വേഷണത്തിന് ക്രൈംബ്രാഞ്ച് വിഭാഗത്തിന്റെ സേവനവും ലഭ്യമാക്കാറുണ്ട്.

(സി) ചില കേസ്സുകളിൽ പ്രതികൾക്ക് മറ്റു സംസ്ഥാനങ്ങളിലെ വാഹനമോഷണ കേസ്സുകളുമായി ബന്ധമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി കൊടുത്തിരിക്കുന്നു.†

(ഇ) സ്തുത്യർഹമായി കേസന്വേഷണം നടത്തുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് ഉചിതമായി പാരിതോഷികങ്ങൾ നൽകിവരുന്നുണ്ട്.

(എഫ്) 798 കേസ്സുകൾ കോടതിയിൽ വിചാരണയിലാണ്. 940 കേസ്സുകൾ അന്വേഷണാവസ്ഥയിലാണ്. 104 കേസ്സുകളിൽ കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. 42 കേസ്സുകളിൽ പ്രതികളെ ശിക്ഷിച്ചിട്ടുള്ളതും 31 കേസ്സുകളിലെ പ്രതികളെ കോടതി വെറുതെ വിട്ടിട്ടുള്ളതും 1489 കേസ്സുകൾ യു.ഡി ആയി തെളിയേണ്ടും പട്ടികയിൽ ചേർത്ത് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

27 (1620) രാജീവ്ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി

ശ്രീ. സി.പി. ബാലൻ വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്ഥാപനങ്ങൾ സർക്കാരിന്റെ അനുമതിയില്ലാതെ വാഹനങ്ങൾ വാങ്ങുന്നത് നിരോധിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ രാജിവ്ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയിൽ വാഹനങ്ങൾ വാങ്ങാൻ ഓർഡർ നൽകിയത് സർക്കാരിന്റെ അനുമതിയോടുകൂടിയാണോ;

(സി) ഈ സ്ഥാപനത്തിൽ എക്സിക്യൂട്ടീവ് കമ്മിറ്റിയോ, ഗവേണിംഗ് ബോഡി ചെയർമാനോ അറിയാതെ കെട്ടിട നിർമ്മാണം നടക്കുന്നുണ്ടോ; എങ്കിൽ ഇതു തടയാൻ നടപടി സ്വീകരിക്കുമോ;

(ഡി) സ്ഥാപനത്തിനാവശ്യമായ ഉപകരണങ്ങളും കെമിക്കൽസും വാങ്ങാൻ അനുമതി നൽകാനുള്ള അധികാരം ആർക്കെന്നു വ്യക്തമാക്കുമോ;

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ സ്ഥാപനത്തിൽ പർച്ചേസ് കമ്മിറ്റി യോഗം ചേർന്നിട്ട് എത്ര കാലമായി; പർച്ചേസ് നടത്തുന്നതിന് അനുമതി നൽകുന്നതാരാണ്;

(എഫ്) ഈ സ്ഥാപനത്തിൽ ജനുവരിയിൽ ശാസ്ത്രജ്ഞൻമാരെ തെരെഞ്ഞെടുക്കുന്നതിന് നടത്തുന്ന ഇന്റർവ്യൂ ആ സ്ഥാപനത്തിൽ നിലവിലുള്ളവർക്കു മാത്രം നീക്കിവച്ചിരിക്കുന്നതാണോയെന്നു വ്യക്തമാക്കുമോ;

(ജി) ഈ സ്ഥാപനത്തിൽ നടന്നതായി പറയപ്പെടുന്ന അഴിമതിയേയും സ്വജനപക്ഷപാതത്തെയും സംബന്ധിച്ച് അന്വേഷണം നടത്തി കുറ്റക്കാരെ ശിക്ഷിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

ഉത്തരം

(എ) ഉണ്ട്.

(ബി) കേന്ദ്ര ബയോടെക്നോളജി വകുപ്പിന്റെ 1999 ജൂൺ 2-ാം തീയതിയിലെ നം. ബി.റ്റി/ആർ.എൻ.ഡി/15/27/25 ആർ.ജി.ഡി.സി. ഉത്തരവ്പ്രകാരം 1999-2002 സാമ്പത്തിക വർഷങ്ങളിലേക്ക് രാജീവ്ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി നൽകിയിട്ടുള്ള 1749.96 ലക്ഷം രൂപയിൽ 15 ലക്ഷം രൂപ 1999-2000 മാണ്ടിൽ വാഹനങ്ങൾ വാങ്ങുന്നതിന് മാത്രമുള്ളതാണ്. ഈ ധന സഹായം സമയബന്ധിതമാകയാൽ, ലഭ്യമായാലുടൻ തന്നെ ഗവേഷണത്തിനാവശ്യമായ ഉപകരണങ്ങൾ, രാസവസ്തുക്കൾ, ഗവേഷണ വിദ്യാർത്ഥികൾ എന്നിവയ്ക്കായി പെട്ടെന്നുതന്നെ വിനിയോഗിക്കേണ്ടതുണ്ട്. വാഹനങ്ങൾ വാങ്ങുന്നതിന് സർക്കാരിന്റെ അനുവാദം ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) എക്സിക്യൂട്ടിവ് കമ്മിറ്റിയുടേയോ ഗവേണിംഗ് ബോഡിയുടേയോ അറിവും അനുവാദവുമില്ലാതെ കെട്ടിടനിർമ്മാണം നടത്തുന്നില്ല.

(ഡി) സ്ഥാപനത്തിനാവശ്യമായ ഉപകരണങ്ങളും രാസപദാർത്ഥങ്ങളും വാങ്ങുന്നതിനുള്ള അധികാരം രാജിവ്ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി ഡയറക്ടറിൽ നിക്ഷിപ്തമാണ്.

(ഇ) എക്സിക്യൂട്ടിവ് കമ്മിറ്റിയും ഗവേണിംഗ്ബോഡിയും അംഗീകരിച്ചിട്ടുള്ള പർച്ചേസ് കമ്മിറ്റിയും മാസത്തിൽ ഒരു തവണ യോഗം ചേരാറുണ്ട്. ഏറ്റവും ഒടുവിൽ യോഗം ചേർന്നത് 1999 ഡിസംബർ 15-ാം തീയതിയാണ്. പർച്ചേസ് നടത്തുന്നതിന് അന്തിമ അനുമതി നൽകുന്നത് ഡയറക്ടർ ആണ്.

(എഫ്) 1999-2002, സാമ്പത്തിക വർഷത്തിലേക്ക് കേന്ദ്ര ഡി.ബി.റ്റിയിൽ നിന്നും ലഭിച്ചിട്ടുള്ള 1749.96 ലക്ഷംരൂപയിൽ 235.60 ലക്ഷം രൂപ 3 വർഷത്തേക്ക് ശാസ്ത്രജ്ഞരെ നിയമിക്കുന്നതിനുള്ളതാണ്. ജനുവരിയിൽ രാജിവ്ഗാന്ധി സെന്ററിൽ നടത്തുവാനുദ്ദേശിക്കുന്ന ശാസ്ത്രജ്ഞരെ തെരെഞ്ഞെടുക്കുന്നതിനുള്ള ഇന്റർവ്യൂ പ്രസ്തുത സ്ഥാപനത്തിൽ നിലവിലുള്ളവർക്കുമാത്രം നീക്കിവച്ചിട്ടുള്ളവയല്ല. മറിച്ച് സെപ്റ്റംബർ 13,14,16,18 എന്നീ തീയതികളിൽ ദേശാഭിമാനി മാതൃഭൂമി, മലയാളമനോരമ, ഹിന്ദു, ടൈംസ് ഓഫ് ഇൻഡ്യാ, ഡെയ്ലി ടെലഗ്രാഫ് എന്നീ പത്രങ്ങളിൽ കൊടുത്ത പരസ്യങ്ങളനുസരിച്ച് അപേക്ഷിച്ചിട്ടുള്ളവരിൽ നിന്നും രാജീവ്ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയുടെ എക്സിക്യൂട്ടിവ് കമ്മിറ്റിയും ഗവേണിംഗ് ബോഡിയും അംഗീകരിച്ചിട്ടുള്ള സ്ക്രീനിംഗ് കമ്മിറ്റി ഷോർട്ട് ലിസ്റ്റ് ചെയ്തിട്ടുള്ളവരെയാണ് ഇന്റർവ്യൂ നടത്താൻ നിശ്ചയിച്ചിട്ടുള്ളത്.

(ജി) പ്രസ്തുത സ്ഥാപനത്തിൽ അഴിമതിയോ സ്വജനപക്ഷപാത പ്രവർത്തനമോ നടന്നതായിട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

1062/2010.

LIBRARY ARCHIVES Kerala Legislative Assembly